## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2728

19.02.2016- ൽ മറുപടിയ്ക്ക്

### കയർ തൊഴിലാളി ഇൻഷ്വറൻസ്

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | എ) ഉണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡു വഴി കയർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഇൻഷ്വറൻസ് വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക; ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; വ്യക്തമാക്കാമോ; | ബി) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സാധുവായ അംഗത്വമുള്ള 18 മുതൽ 59 വയസ്സുവരെയുള്ള, "കയർ വർക്കേഴ്സ് ബീമ യോജന"പദ്ധതിയിൽഅംഗമായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും സ്വാഭാവിക മരണത്തിന് 47,000 രൂപയും, അപകടമരണത്തിന് 92,000 രൂപയും അപകടത്തിൽ സ്ഥായിയായ അവശത സംഭവിച്ചാൽ 75,000 രൂപയും അപകടത്തിൽ ഭാഗികമായ അവശത സംഭവിച്ചാൽ 37,500 രൂപയും സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. കൂടാതെ 9, 10, 11, 12, ഐ. ടി. ഐ എന്നീ ക്ളാസുകളിൽ പഠിക്കുന്ന കയർ തൊഴിലാളി ക്ഷേമ നിധി ബോർഡ് അംഗത്തിന്റെ കുട്ടികൾക്ക് പ്രതിവർഷം 1,200/- രൂപ വിദ്യാഭ്യാസ സ്കോളർഷിപ്പും ലഭിക്കുന്നതാണ്. വിരമിച്ച കയർ തൊഴിലാളികൾക്ക് പ്രതിവർഷം പ്രീമിയം തുകയായി 150/- രൂപ വീതം അടച്ചാൽ മരണാനന്തര സഹായമായി 60 മുതൽ 65 വയസ്സുവരെ 7000/- രൂപയും, 66 മുതൽ 70 വരെയുള്ളവർക്ക് 5000/- രൂപയും, 71 മുതൽ 75 വരെയുള്ളവർക്ക് 3000/- രൂപയും ലഭിക്കും. |
| സി) ക്ഷേമനിധി അംഗത്വമുള്ള മുഴുവൻ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; വ്യക്തമാക്കാമോ? | സി) "കയർ വർക്കേഴ്സ് ബീമ യോജന"പദ്ധതിയിൽ അംഗമായ എല്ലാ കയർ തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. |

സെക്ഷൻ ഓഫീസർ